**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4311. | 03.02.2014-ലെ മറുപടിയ്ക്ക്

## ടൂറിസം സർക്യൂട്ടുകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സി.പി.മുഹമ്മദ് | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) ടൂറിസം വികസനം സാദ്ധ്യമാക്കാവുന്ന മേഖലകളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടു കൂടി നടത്തുന്ന ബൃഹത്പദ്ധതികളാണ് ടൂറിസം സർക്യൂട്ടുകൾ കൊണ്ട് ലക്ഷ്യമിടുന്നത്. ടൂറിസം വികസന മേഖലയിൽ സർക്യൂട്ട് ടൂറിസം പദ്ധതികൾ കൊണ്ട് ടൂറിസ്റ്റുകളുടെ സഞ്ചാര സൗകര്യവികസനവും ലക്ഷ്യം വയ്ക്കുന്നുണ്ട്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) കിറ്റ്കോ, KIIDCO, ആർ.കെ.രമേഷ് ആർക്കിടെക്ട്, ഫോർട്രസ്, രഘുരാമൻ ലാൻസ്കേപ്പ് ആർക്കിടെക്ട്, തുടങ്ങിയ ഏജൻസികൾ ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിന്റെ വിവിധ പ്രവൃത്തികളുമായിട്ട് സഹകരിക്കുന്ന ഏജൻസികളാണ്. |

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി) ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയിലെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. നോർത്തേൺ ടൂറിസം സർക്യൂട്ടിന്റെ പ്രധാനപ്പെട്ട പ്രവൃത്തിയായ കാരപ്പുഴ ഡാം ഒരു ടൂറിസ്റ്റ് ഹബ്ബായി വികസിപ്പിക്കുന്നതിനായുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. വാഗമൺ തേക്കടി ഇക്കോ ടൂറിസം സർക്യൂട്ടിന്റെയും വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. സ്പൈസ് റൂട്ട് സർക്യൂട്ട് മലബാർ സോണിന്റെയും, വർക്കല-കോട്ടപ്പുറം കായലോര വികസനത്തിന്റെയും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ